സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

culturaldirectortdb@gmail.com

തന്ത്ര-ശാസ്ത്ര-സംസ്കൃത പഠന കേന്ദ്രത്തിൽ വിദ്യാർത്ഥിയായി ചേരുന്നതിനുള്ള

## അപേക്ഷാഫാറം

നമ്പർ:

| | | |
|---|---|---|
| 1. | പേര് | |
| 2. | അച്ഛന്റേയോ രക്ഷകർത്താവിന്റേയോ പേര് | |
| 3. | മേൽവിലാസവും, ഫോൺ നമ്പരും | |
| 4. | വയസ്സും ജനനത്തീയതിയും | |
| 5. | വിദ്യാഭ്യാസ യോഗ്യത | |
| 6. | വയസ്സും ജനനത്തീയതിയും തെളിയിക്കുന്നതിനുള്ള റിക്കാർഡ് ചേർത്തിട്ടുണ്ടോ ? | |
| 7. | a. പൂജാദിവൃത്തിയിൽ പാരമ്പര്യമുള്ള ആൾ ആണോ<br>b. ആണെങ്കിൽ ഏത് രീതിയിൽ എന്ന് വ്യക്തമാക്കുക | |
| 8. | സ്വഭാവ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ | |
| 9. | രക്ഷകർത്താവിന്റെ വാർഷിക വരുമാനം | |
| 10. | രക്ഷകർത്താവിന്റെ ഒപ്പ് | |
| 11. | അപേക്ഷകന്റെ ഒപ്പ് | |
| 12. | തീയതി | |

## ആഫീസ് ഉപയോഗം

## നിബന്ധനകൾ

1) അതാത് അദ്ധ്യയന വർഷം ജൂൺ ഒന്നാം തീയതി 15 വയസിനും 20 വയസ്സിനും മദ്ധ്യേ പ്രായമുള്ളതും, എസ്.എസ്.എൽ.സിയോ തത്തുല്യമായ പരീക്ഷയോ പാസ്സായിട്ടുള്ള ഹിന്ദുക്കളായ ആൺകുട്ടികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ.
2) ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിലേയ്ക്ക് എസ്.എസ്. എൽ.സി. സർട്ടിഫിക്കറ്റിന്റെ പകർപ്പ് (ഗസറ്റഡ്ആഫീസർ സാക്ഷ്യപ്പെടുത്തിയത്) ഹാജരാക്കണം. അസ്സൽ ഇന്റർവ്യൂവിന് ഹാജരാക്കേണ്ടതാണ്.
3) സ്വഭാവ സർട്ടിഫിക്കറ്റ് ഗസറ്റഡ് ആഫീസറുടേയോ, വിദ്യാഭ്യാസം നടത്തിയ സ്കൂളിലെ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പലിന്റേയോ ആയിരിക്കണം.
4) മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സർക്കാർ ഫിസിഷ്യനിൽ നിന്നുള്ളത് ഹാജരാക്കണം
5) തന്ത്ര-ശാസ്ത്ര-സംസ്കൃത പഠനകേന്ദ്രം ഗുരുകുല സമ്പ്രദായത്തിൽ നടത്തുന്നതാകയാൽ ടി കേന്ദ്രം നടത്തുന്ന ഹോസ്റ്റലിൽ വാർഡന്റെ ശിക്ഷണത്തിന് വിധേയമായി താമസിക്കേണ്ടതാണ്.
6) പ്രവേശനം ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികളും അഡ്മിഷൻ ഫീസായി 3,000/- രൂപയും,പി.ടി.എ. ഫണ്ടായി യും 1000/- രൂപയും, ക്വാഷൻ ഡിപ്പോസിറ്റായി 2,000/- രൂപയും അടച്ച് രസീത് വാങ്ങേണ്ടതാണ്.
7) പൂരിപ്പിച്ച അപേക്ഷാഫാറം സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം ഡയറക്ടർ, സാംസ്കാരിക-പുരാവസ്തു വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്തൻകോട്, തിരുവനന്തപുരം-695 003 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.
8) അപേക്ഷയോടൊപ്പം 100/- രൂപയുടെ ഡി.ഡി. ( ദേവസ്വം കമ്മീഷണർ, ധനലക്ഷ്മി ബാങ്ക്, നന്തൻകോട് ശാഖയിൽ മാറത്തക്കവിധത്തിൽ) ഹാജരാക്കേണ്ടതാണ്
9) തെരഞ്ഞെടുക്കപ്പെടുന്ന ഓരോ വിദ്യാർത്ഥിക്കും സൗജന്യ താമസവും, ഭക്ഷണവും അനുവദിക്കുന്നതാണ്. പുറമേനിന്നുള്ള ഭക്ഷണം അനുവദിക്കുകയില്ല
10) ഒരിക്കൽ പ്രവേശനം നേടിയശേഷം പഠനം പൂർത്തിയാക്കാതെ പോകുന്ന വിദ്യാർത്ഥികൾ അതുവരെയുള്ള സ്റ്റൈഫന്റ് തുക തിരികെ അടച്ചാൽ മാത്രമേ അവരുടെ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ മടക്കി നൽകുകയുള്ളൂ.
11) ഒരു വർഷത്തിൽ 75% ഹാജർ ഇല്ലാത്ത വിദ്യാർത്ഥികളെ അവസാനവർഷ പരീക്ഷാ എഴുതാൻ അനുവദിക്കുന്നതല്ല.
12) 30 ദിവസത്തിൽ കൂടുതൽ ഒരു വിദ്യാർത്ഥി ഹാജരാകാതിരുന്നാൽ ആ വിദ്യാർത്ഥിക്ക് തുടർ പഠനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
13) പഠനകാലയാളവിൽ ഡിപ്പാർട്ട്മെന്റ് നിർദ്ദേശിക്കുന്ന പൂജാദികാര്യങ്ങൾക്ക് അല്ലാതെ പുറമേയുള്ള പൂജകൾക്ക് വിദ്യാർത്ഥികൾ പങ്കെടുക്കുവാൻ പാടില്ല.
14) അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ 200/- രൂപ പത്രത്തിൽ ബോണ്ട് വയ്ക്കേണ്ടതാണ്. മാതൃക ചുവടെ ചേർക്കുന്നു.
15) പൂരിപ്പിച്ച അപേക്ഷകൾ നവംബർ മാസം 10-ാം തീയതി വൈകിട്ട് 5 മണിക്ക് മുമ്പായി ഡയറക്ടർ, സാംസ്കാരിക-പുരാവസ്തു വിഭാഗം ആഫീസ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് കോമ്പൗണ്ട്, നന്തൻകോട്, തിരുവനന്തപുരം, പിൻ-695 003-ൽ എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2319845, എന്നീ നമ്പരിൽ ബന്ധപ്പെടുക.

## സമ്മതപത്രം

ആറ്റിങ്ങൽ കോയിക്കൽ കൊട്ടാരത്തിൽ സ്ഥിതിചെയ്യുന്ന തന്ത്ര-ശാസ്ത്ര-സംസ്കൃത പഠനകേന്ദ്രത്തിൽ 4 വർഷം ബോർഡ് ആനുകൂല്യത്തോടുകൂടി പഠിക്കുന്ന ------------------------എന്ന ഞാൻ, പഠനം പൂർത്തിയായ ശേഷം 5 വർഷം തിരുവിതാംകൂർ ദേവസ്വം ബോർഡ് വക ക്ഷേത്രങ്ങളിൽ പൂജാദി ജോലികൾ (ശാന്തി) ഡിപ്പാർട്ട്മെന്റ് നിയമങ്ങൾക്കും ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കും അനുസൃതമായി ചെയ്തു കൊള്ളാമെന്ന് ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

(ഒപ്പ്)

പേര്:

അഡ്രസ്സ്: